No. CEE/4848/2013/KEAM-2014/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# അറിയിപ്പ്

## 2014-ലെ എം.ബി.ബി.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം അലോട്ട്മെന്റ് നീട്ടിവച്ചു

സംസ്ഥാനത്ത് ഒഴിവുള്ള എം.ബി.ബി.എസ് സീറ്റുകൾ ഉണ്ടെങ്കിൽ അവ മെറിറ്റ് അടിസ്ഥാനത്തിൽ നികത്തുന്നതിന് 01.12.2014-ലെ സിവിൽ റിട്ട് പെറ്റിഷൻ നം. 934/2014-ൻ മേൽ ബഹു: സുപ്രീം കോടതി ഉത്തരവായിരുന്നു. ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിപ്പ് നൽകിയിരുന്നു. 13.01.2015-ലെ ആരോഗ്യ സർവ്വകലാശാലയുടെ കത്ത് പ്രകാരം തൊടുപുഴ അൽ-അസ്ഹർ മെഡിക്കൽ കോളേജിലെ മൂന്ന് മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളും, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഒരു മാനേജ്മെന്റ് ക്വാട്ടാ സീറ്റുമാണ് ഒഴിവുള്ളതായി അറിയിച്ചിട്ടുള്ളത്. പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് 30.09.2014 നു ശേഷം ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകൾക്ക് അധികാരമില്ലാത്തതിനാൽ അവ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ബാധകമായ ഫീസ് നിരക്കിൽ മെരിറ്റടിസ്ഥാന ത്തിൽ പ്രവേശനം നടത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് 03.02.2015 ലെ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയിരുന്നു. മേൽപറഞ്ഞ സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനായി 2014-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 4000 വരെ റാങ്കുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ 07.02.2015 ലെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ കത്തിലൂടെ തൊടുപുഴ അൽ-അസ്ഹർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച സൂക്ഷ്മ പരിശോധന ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നും തിരുവനന്തപുരം വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജിൽ ഒരു സീറ്റ് ഒഴിവു വന്നിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് മലബാർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച സൂക്ഷ്മ പരിശോധന നടക്കാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഒഴിവുള്ള സീറ്റുകളുടെ ലഭ്യത സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാകാത്തതിനാൽ ഇന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിച്ചിരുന്ന അലോട്ട്മെന്റ് നീട്ടിവച്ചതായി അറിയിക്കുന്നു.

07.02.2015 വൈകുന്നേരം മൂന്ന് മണിവരെ ലഭിച്ച ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള മെറിറ്റ് ലിസ്റ്റ് ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.02.2015